**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 111** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>കൊണ്ടോട്ടിയിൽ മുൻസിഫ് കോടതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. പി. അഷ്റഫ് അലി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കൊണ്ടോട്ടി താലൂക്കിൽ മുൻസിഫ് കോടതി ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മുൻസിഫ് കോടതി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

**<u>മറുപടി:</u>** ഉണ്ട്, കൊണ്ടോട്ടി താലൂക്കിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്ന വിഷയം ഹൈക്കോടതിയുടെ പരിഗണനയിലാണെന്ന് ഹൈക്കോടതി രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൂടാതെ,സംസ്ഥാനത്ത് അഡീഷണൽ ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതികൾ, സബ് കോടതികൾ/അഡീഷണൽ സബ് കോടതികൾ /ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾ, മുൻസിഫ്/മുൻസിഫ് മജിസ്ട്രേറ്റ്/ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾ എന്നിവ സ്ഥാപിക്കുന്നത് 02.03.2016 തീയതിയിലെ സ.ഉ.(കൈ) നം. 79/2016/ആഭ്യന്തരം പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള മുൻഗണനാപട്ടിക പ്രകാരമാണ്. പ്രസ്തുത പട്ടികയിൽ മുൻസിഫ്/മുൻസിഫ് മജിസ്ട്രേറ്റ്/ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾ/മൊബൈൽ കോടതികൾ എന്ന തലക്കെട്ടിൽ ഇനം. നം.45 ആയി കൊണ്ടോട്ടി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി ഉൾപ്പെട്ടിട്ടുണ്ട്.

**(ബി)** ഇല്ലെങ്കിൽ, ഒരു കോടതി പോലും നിലവിലില്ലാത്ത കൊണ്ടോട്ടി താലൂക്കിൽ മുൻസിഫ് കോടതി ആരംഭിക്കുന്ന കാര്യം അടിയന്തിരമായി പരിഗണിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**